LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ

306 (5972) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ നിന്നുമാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(സി) ഈ അപേക്ഷയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടില്ല.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, പനങ്ങാട്, അത്തോളി, കോട്ടൂർ, കുരാച്ചുണ്ട് എന്നീ പഞ്ചായത്തുകളിൽ നിന്നുമാണ് പുതിയ സിവിൽ സപ്ലൈസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത്.

(സി) നടുവണ്ണൂർ പഞ്ചായത്തിലെ കാവിൽ പാലിയത്ത് കുന്ന്, കരുവണ്ണൂർ എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠന റിപ്പോർട്ടും, പനങ്ങാട്, കോട്ടൂർ എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും, കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽനിന്ന് അനുകൂല തീരുമാനവും ലഭ്യമായിട്ടില്ല. അത്തോളി ഗ്രാമപഞ്ചായത്തിലെ കുമുള്ളിയിൽ മാവേലി സ്റ്റോർ എത്രയും വേഗം ആരംഭിക്കുന്നതാണ്.

## വലിയതുറയിലെ സപ്ലൈകോ ഡിപ്പോയിൽ വിജിലൻസ് പരിശോധന

307 (5973) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയതുറയിലെ സപ്ലൈകോ ഡിപ്പോയിലോ ഗോഡൗണിലോ വിജിലൻസ് പരിശോധന ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എപ്പോഴാണ് പരിശോധന നടന്നതെന്നും കണ്ടെത്തിയ ക്രമക്കേടുകൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ പേരിൽ ഉദ്യോഗസ്ഥർ സസ്പെൻഷനിലായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ സസ്പെൻഷനിലായവരുടെ പേരുവിവരം നൽകാമോ?

ഉത്തരം

(എ&ബി) സപ്ലൈകോ വിജിലൻസ് 15-2-2018, 26-2-2018, 27-2-2018 തീയതികളിൽ തിരുവനന്തപുരം ജില്ലാ ഡിപ്പോയിൽ നടത്തിയ പരിശോധനയിൽ Glaxo Smithkline ഉൽപ്പന്നങ്ങളുടെ സ്റ്റോക്കിൽ 3,53,246.42 രൂപ (മൂന്ന് ലക്ഷത്തി അമ്പത്തിമൂവായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയാറ് രൂപ നാൽപ്പത്തി രണ്ട് പൈസ മാത്രം) യുടെ കുറവ് കണ്ടെത്തിയിട്ടുണ്ട്.

(സി&ഡി) ശ്രീ. വി. വിനോദ് (JA), ശ്രീ. ജി. ഗോപകുമാർ (JA), ശ്രീ. എസ്. ബാലചന്ദ്രൻ (SA-I), ശ്രീ. ബിനുകുമാർ (JA), ശ്രീ. രമേശ്. കെ (JA), ശ്രീ. സന്തോഷ് കുമാർ. ജി. (JA), ശ്രീ. മധു. വി. (SA-I) എന്നീ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

## ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്കുള്ള വില ഏകീകരിക്കുന്നതിന് നിയമം

308 (5974) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളെ ഏതെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; നിലവിൽ ഈ പ്രവർത്തനങ്ങളുടെ അവസ്ഥ എന്തെന്ന് അറിയിക്കുമോ?

(ബി) വിവിധ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്കുള്ള വില നിശ്ചയിക്കുന്നതിനും ഏകീകരിക്കുന്നതിനും നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റേതായി ഹോട്ടലുകൾ തരംതിരിക്കുന്നതിന് മാനദണ്ഡങ്ങൾ ഇല്ല.

(ബി) നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് നിയമ സാധുത ഇല്ലെന്നും ആയതു് അപ്രായോഗികമാണെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly